# മുജാഹിദ് പ്രസ്ഥാനത്തിൽ എന്തുണ്ടായി?

## ഭാഗം-1 ആദർശപരം

പ്രൊഫ. പി. അബ്ദു

അഭിപ്രായ വ്യത്യാസത്തിനുള്ള കാരണം ആദർശവ്യതിയാനമാണെന്ന് കെ.ജെ.യു നടത്തിയ ആദർശ ചർച്ചയിൽ നിന്ന് വ്യക്തമാണ്. സലഫുസ്സ്വാലിഹീങ്ങളുടെ മാർഗമായ സലഫീ അകീദയെ കൊച്ചാക്കിക്കാണിച്ചുകൊണ്ട് അതിൻെറ പ്രാധാന്യത്തെ സാമാന്യവൽക്കരിച്ചു കൊണ്ടും എഴുതുകയും പ്രചരിപ്പിക്കുകയും സമുദായ ഐക്യം പ്രാധാന വിഷയമാക്കുകയുമാണ് തുടക്കത്തിൽ ചെയ്തുവന്നത്.

ജമാഅത്തെ ഇസ്‌ലാമിയുടെ വിദേശപതിപ്പായ ഇഖ്‌വാനുൽ മുസ്‌ലിമിൻെറയും അതിൻെറ ഉപ പതിപ്പായ സൂരുരിസത്തിൻെറയും ആശയങ്ങൾ സലഫീ പ്രസ്ഥാനത്തിൽ കടത്തി വിടാനുള്ള ആഗോള ഗൂഡാലോചനയുടെ ഭാഗമായാണ് ആദർശവ്യതിയാനം കേരളത്തിലും പ്രത്യക്ഷപ്പെട്ടത്. ഈ നൂറ്റാണ്ടിൻെറ മധ്യദശകങ്ങളിൽ അറബിനാടുകളിലുണ്ടായ സാമ്പത്തിക അഭിവൃദ്ധി അവിടങ്ങളിലെ വിദ്യാഭ്യാസ നവീകരണത്തിന് കാരണമായി. സൗദി അറേബ്യ പോലുള്ള രാജ്യങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വന്നപ്പോൾ വിദ്യാഭ്യാസ യോഗ്യത മാത്രം പരിഗണിച്ച് നിയമനങ്ങൾ നടത്തിയപ്പോൾ അൾജീരിയ, ഈജിപ്ത് മുതലായ രാജ്യങ്ങളിൽ നിന്നുള്ള ഇഖ്‌വാനികളാണ് അധ്യാപകരായി നിയമിതരായവരിൽ ഭൂരിഭാഗവും. ഇഖ്‌വാനികളെ സംബന്ധിച്ചിടത്തോളം ഇത് വമ്പിച്ച ഒരു അവസരമായി അവർ ഉപയോഗപ്പെടുത്തി. വിവിധ രാജ്യങ്ങളിൽ നിന്ന് ഉപരിപഠനത്തിനായി സൗദിയിലെ സർവ്വകലാശാലകളിൽ എത്തിയ മിടുക്കൻമാരായ വിദ്യാർത്ഥികളിലൂടെ തങ്ങളുടെ ആദർശങ്ങൾ വിവിധ രാജ്യങ്ങളിൽ എത്തിക്കാൻ അവർക്കു കഴിഞ്ഞു. യുവജനങ്ങളെ പുതിയ പാതയിലൂടെ പുതിയ പുലരിയിലേക്ക് ക്ഷണിച്ചുകൊണ്ട് ദിശാവ്യതിയാനം സൃഷ്ടിക്കാൻ രഹസ്യമായ പദ്ധതികളും സാമ്പത്തിക സഹായങ്ങളും അവർ നൽകിവന്നു. സൗദിയിലെ ഉമ്മുൽ ഖുറാ യൂനിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനു പോയ ഹുസൈൻ മടവൂരാണ് കേരളത്തിലേക്ക് പുതിയ ചിന്താധാര ഇറക്കുമതി ചെയ്തത്. സലഫികളുടെ മുഖംമൂടിയണിഞ്ഞ്, സലഫികൾക്കിടയിൽ പ്രവർത്തിച്ച്, സലഫീ ആദർശത്തിൻെറ തനിമ നഷ്ടപ്പെടുത്തി പൊതുധാരയിൽ ലയിപ്പിക്കുക എന്നതാണ് ഇഖ്‌വാനികളുടെ തന്ത്രം.

സലഫികൾ, മുജാഹിദുകൾ എന്നൊന്നും പറയാതെ മുസ്‌ലിംകൾ, സുന്നത്ത് ജമാഅത്ത് എന്ന് പറയുക. മുസ്‌ലിം ഐക്യം നിലനിർത്തുന്നതിന് വേണ്ടി എല്ലാ കാര്യത്തിലും വിട്ടുവീഴ്ച്ച ചെയ്യുക. വിശാലതക്കും ഐക്യത്തിനും കോട്ടം തട്ടുന്ന പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുക, ദീനീ പ്രബോധനരംഗം ഖണ്ഢനമണ്ഢനങ്ങളിൽ നിന്ന് മുക്തമാക്കുക, ഖുനൂത്ത് ഓതുകയോ ഓതാതിരിക്കുകയോ ചെയ്യാം, തറാവീഹിൻെറ റക്അത്ത് എത്രയുമാവാം. മാസപ്പിറവി വിഷയത്തിൽ ഭൂരിപക്ഷത്തിൻെറയും കൂടെ നിൽക്കുക. ഇത്തരം ആശയങ്ങൾ അനുയായികളിൽ പ്രചരിപ്പിക്കാൻ ശബാബിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും സെമിനാറിൽ വിഷയമാക്കുകയും ചെയ്തുവന്നു.

1. സംഘടനാ വൈവിധ്യം അഭിലഷണീയം, പക്ഷെ.. (ശബാബ് 1999 ഏപ്രിൽ 23)
2. പ്രബോധന വിജയത്തിന് പൊതുതാൽപര്യ മേഖല കണ്ടെത്തുക. (ശബാബ് 1999 ഏപ്രിൽ 23)
3. മർക്കസുദ്ദഅ്‌വയുടെ പുലരിയിൽ (ശബാബ് സെമിനാർ പതിപ്പ് -97)
4. വിശ്വാസത്തിൻെറ മാധുര്യം നഷ്ടപ്പെടുന്നു (ശബാബ് 1999 മെയ് 25)

എന്നീ ലേഖനങ്ങൾ വായിക്കുക.

ആദർശവ്യതിയാനം സംബന്ധിച്ച് കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് കേരള ജംഇയ്യത്തുൽ ഉലമ (കെ.ജെ.യു.) ആയതിനാൽ 27-04-2001ന് ഇരുവിഭാഗത്തിൽ (ആരോപിതരും, ആരോപകരും) നിന്നുമുള്ള അഞ്ചു പണ്ഡിതൻമാർ ചേർന്ന് ഭിന്നതയുള്ള പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ

വേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും അംഗീകരിച്ചു. അനന്തരം ഓരോ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 10 വീതം പണ്ഡിതൻമാർ ചേർന്ന് ഭിന്നതയുള്ള വിഷയങ്ങളെക്കുറിച്ച് 16-05-2001ന് പ്രബന്ധം അവതരിപ്പിക്കുകയും അവ പരസ്പരം കൈമാറുകയും ചെയ്തു. പ്രസ്തുത പ്രബന്ധം ഇരുവിഭാഗവും വായിച്ചു പഠിച്ച ശേഷം 23-05-2001ന് ഓരോ വിഭാഗവും ഖണ്ഡന പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഇരു പ്രബന്ധങ്ങളും പരസ്പരം കൈമാറി. ഇനിയും വല്ല വിശദീകരണവും അവശേഷിക്കുന്നുവെങ്കിൽ ഇരു വിഭാഗത്തിലെയും 10 വീതം പ്രതിനിധികൾ പങ്കെടുത്തുകൊണ്ട് കെ.ജെ.യു. നിർവ്വാഹക സമിതി മുമ്പാകെ 26-05-2001ന് മുഖാമുഖം ചർച്ച നടത്താൻ തീരുമാനിക്കുകയും ഓരോ വിഭാഗത്തിനും 15 മിനുട്ട് വീതം മാറി മാറി അനുവദിച്ചുകൊണ്ട് 4 മണിക്കൂർ ചർച്ച നടത്തുകയും ചെയ്തു. നാല് പ്രബന്ധങ്ങൾ പരിശോധിക്കുകയും, മുഖാമുഖ ചർച്ച ശ്രദ്ധിക്കുകയും ചെയ്ത ശേഷം കെ.ജെ.യു. നിർവ്വാഹക സമിതി 04-06-2001ന് യോഗം ചേർന്ന് ഓരോ വിഷയങ്ങളെപ്പറ്റിയും ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്ത് ഇരു വിഭാഗത്തുനിന്നുമുള്ളവർ ഒപ്പ് വെച്ച് അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗതീരുമാനങ്ങൾ പ്രിൻറ് ചെയ്ത് കെ.എൻ.എം. ശാഖകൾക്ക് അയച്ചു കൊടുക്കുകയുണ്ടായി. അതനുസരിച്ച് 18 കാര്യങ്ങളിൽ ആദർശവ്യതിയാനം സംഭവിച്ചതായി കണ്ടെത്തുകയും, പ്രബന്ധങ്ങളിൽ ഉന്നയിക്കപ്പെട്ട മറ്റു കാര്യങ്ങൾ അബദ്ധങ്ങളോ വീക്ഷണവ്യത്യാസങ്ങളോ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തതോ ആയി പരിഗണിച്ചാൽ മതി എന്നും തീരുമാനിച്ചു. തീരുമാനങ്ങളുടെ സംഗ്രഹം ശ്രദ്ധിക്കുക.

1. വിശുദ്ധ ക്വുർആനും ഹദീഥും മനസ്സിലാക്കുന്നതിനും മതപരമായ കാര്യങ്ങൾ സ്വീകരിച്ചാചരിക്കുന്നതിനും സച്ചരിതരായ സലഫിൻെറ മാർഗ്ഗം (മൻഹജുസ്സലഫ്) അവലംബിക്കേണ്ടതില്ലെന്ന വാദം വ്യതിയാനമാണെന്ന് കെ.ജെ.യു. വിലയിരുത്തിയപ്പോൾ ഇതിൽ നിന്ന് വ്യത്യസ്ഥമായ ഒരു മൻഹജ് ഇല്ല എന്ന് വിഘടിത വിഭാഗം അംഗീകരിച്ചു, ഒപ്പുവെച്ചു.

എന്നാൽ പ്രസ്തുത തീരുമാനത്തിൽ ഒപ്പു വെച്ച ശേഷം സലഫീ പബ്ളിക്കേഷൻസിൻെറ പേരിൽ വിഘടിതൽ പ്രസിദ്ധീകരിച്ച നീലപുസ്തകം എന്ന പേരിൽ കുപ്രസിദ്ധിയാർജിച്ച പുസ്തകത്തിൽ (കേരള നദ്‌വത്തുൽ മുജാഹിദീൻ പുലർത്തിപ്പോന്ന ആശയാദർശങ്ങൾ) സലഫീ മൻഹജിനെപ്പറ്റി പരാമർശിക്കുന്നത് ശ്രദ്ധിക്കുക. "കേരളത്തിലെ മുജാഹിദുകൾക്ക് കേട്ടുകേൾവിയില്ലാത്ത 'സലഫീ മൻഹജ്' എന്ന പുതിയ ചിന്താധാര വിചിത്രവും അതിൽ പതിയിരിക്കുന്ന അപകടം വളരെ വലുതുമാണെന്ന് പറയേണ്ടതില്ല. കേരള നദ്‌വത്തുൽ മുജാഹിദീൻെറ ഭരണഘടനയിലോ മറ്റോ ഇത്തരം ഒരു സലഫീ മൻഹജിനെപ്പറ്റി പറയുന്നില്ല. (പേജ് 8). "കേരളത്തിലെ മുജാഹിദുകളെ വിശുദ്ധ ക്വുർആനിൻെറയും തിരുസുന്നത്തിൻെറയും തെളിമയാർന്ന ആദർശത്തിൽ നിന്നും അടർത്തി മാറ്റി മറ്റൊരു മദ്ഹബിൻെറ (സലഫീ മൻഹജ്) മുന്നിൽ ആദർശം പണയപ്പെടുത്തുന്നതിനു വേണ്ടിയുള്ള നിഗൂഢ നീക്കങ്ങളാണ് പുതിയ മൻഹജ് വാദത്തിനു പിന്നിലുള്ളതെന്ന് ബുദ്ധിയും വിവേകവുമുള്ളവർക്ക് സംശയിക്കാം." (പേജ്-9)

ക്വുർആനും സുന്നത്തും പ്രമാണമായി, തർക്കമില്ലാതെ അംഗീകരിച്ചുപോരുന്ന കേരളത്തിലെ മുജാഹിദുകളിൽ ഭിന്നിപ്പുണ്ടാക്കാനും, അതിൽ ഒരു വിഭാഗത്തെ 'സലഫീ മൻഹജ്' എന്ന നൂതന ചിന്താധാരയുടെ വക്താക്കളാക്കി മാറ്റാനുള്ള ആഗോള ഗൂഢാലോചനയാണ് ഇതിനു പിന്നിലുള്ളതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു." (പേജ്-9).

പ്രസ്തുത പുസ്തകം ആരാണ് തയ്യാറാക്കിയതെന്ന് പറയുന്നില്ല. കേരള ജംഇയ്യത്തുൽ ഉലമ 04-06-2001നാണ് തീരുമാനമെടുത്തത്. പുസ്തകം അതിനു മുമ്പേ ഇറക്കിയതാണെന്ന് കാണിക്കാൻ അതിൻെറ മുൻചട്ടയിൽ തന്നെ 01-06-2001 എന്ന തിയ്യതിയും അച്ചടിച്ചിരിക്കുന്നു. ലോകത്ത് ഒരു പുസ്തകവും മുൻ കവർപേജിൽ തിയ്യതി വെക്കുന്ന പതിവില്ല. മുൻകവറിൽ തിയതി കാണിച്ചതുകൊണ്ട് അതിൻെറ കള്ളസ്വഭാവം എളുപ്പം മനസിലാക്കാൻ ഉപകാരപ്പെട്ടു. കെ.ജെ.യു. ചർച്ചയിൽ പങ്കെടുത്ത് പ്രബന്ധം അവതരിപ്പിച്ച ഉടനെ തന്നെ ഈ നീല പുസ്തകവും അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു എന്ന് പുസ്തകത്തിൻെറ ആമുഖത്തിനു മുമ്പുള്ള കുറിപ്പിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കുറിപ്പിലെ പ്രസക്ത ഭാഗം ശ്രദ്ധിക്കുക. (കെ.എൻ.എം.)
"ആരോപകരുടെ രണ്ട് പ്രബന്ധങ്ങളും അവർ ഗ്രൂപ്പ് യോഗങ്ങളിൽ പ്രചരിപ്പിച്ച വിഷയങ്ങളും പണ്ഡിത ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങളും മുന്നിൽ വെച്ചുകൊണ്ടാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്". ഇതിൽ നിന്നുതന്നെ ഈ പുസ്തകം തയ്യാറാക്കിയത് മർക്കസുദ്ദഅ്‌വയിൽ നിന്നുതന്നെയാണെന്ന് ബോധ്യമാണല്ലൊ. മർക്കസിൽ നിന്നിറങ്ങുന്ന എല്ലാ അശ്ളീല

സാഹിത്യങ്ങൾക്കും ഒരു മേപ്പയൂർകാരനും കോക്കൂർകാരനും അറിയാതെ ഇറങ്ങാൻ പറ്റില്ല. അവരുടെ കൈപുണ്യം ഒന്നു വേറെത്തന്നെയാണ്. നീലപുസ്തകത്തിൻെറ പതിനഞ്ചാം പേജിൽ 'സംഹാരതാണ്ഡവങ്ങൾ' എന്ന തലക്കെട്ടിൽ കെ.എൻ.എം. ജന:സെക്രട്ടറി മദ്യം വിളമ്പിയതായി പ്രതിപാദിക്കുന്ന പേജ് വായിച്ചാൽ ആ കൈപുണ്യം മനസിലാകും. പ്രസ്തുത പരാമർശം ഇഖ്‌വാനികളുടെ അടിത്തറ ഇളക്കുമെന്ന് അവർക്ക് ബോധ്യമായപ്പോളാണ് ഒരു ഭാഗം ഒഴിവാക്കി ചില്ലറ മാറ്റങ്ങളോടെ പ്രസ്തുത ഗ്രന്ഥം പ്രധാന കർത്താവ് എം.ഐ.മുഹമ്മദ് സുല്ലമിയുടെ പേരിൽ അൽ അൻവാർ പബ്ളിക്കേഷൻ, കുനിയിൽ പ്രസിദ്ധീകരിച്ചത്. 'മുജാഹിദ് പ്രസ്ഥാനത്തിലെ ഭിന്നിപ്പ്: കാരണങ്ങളും വസ്തുതകളും' എന്നാണ് ഗ്രന്ഥത്തിൻെറ പേര്. 'നീല' എന്ന പ്രയോഗം മുമ്പടിച്ച പുസ്തകത്തിൻെറ കവർ നീലനിറമായതിനാലാവും എന്നു തെറ്റുധരിച്ച മർക്കസ് പ്രസിദ്ധീകരണ വിഭാഗം ഇത്തവണ ചട്ട ചുകപ്പ് നിറമാക്കി. വാസ്തവത്തിൽ ഉള്ളടക്കത്തിലെ അശ്ളീലതയാണ് 'നീല' പ്രയോഗത്തിനർഹമാക്കിയതെന്ന് പാവങ്ങൾ ശ്രദ്ധിച്ചില്ല. ഇത്തവണ പുസ്തകം അടിച്ച തിയ്യതി ചട്ടക്ക് പുറത്തില്ല.

'സലഫി മൻഹജ്' അല്ലാത്ത ഒരു മൻഹജില്ല എന്ന് എഴുതി ഒപ്പിട്ടതിനെ അപലപിക്കുന്ന പരാമർശങ്ങൾ ഈ കൃതിയിലുമുണ്ട്. എന്നാൽ "സലഫിൻെറ മാർഗമെന്ന പേരിൽ മുജാഹിദുകൾക്ക് കേട്ടുകേൾവിയില്ലാത്ത ഒരു പുതിയ രീതിയെ ആരോപകർ (കെ.എൻ.എം.) തങ്ങളുടെ പ്രബന്ധത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്." (പേജ്-12). "അത് നമ്മുടെ പ്രഖ്യാപിത ആദർശങ്ങളോട് യോജിക്കാത്തതാണ്, കെ.എൻ.എം.ൻെറ ഭരണഘടനയിലില്ല" എന്നൊക്കെ ചുകപ്പ് പുസ്തകത്തിലും ആവർത്തിക്കപ്പെടുന്നു. മാത്രമല്ല നീലപുസ്തകം രചിക്കപ്പെട്ടതിൻെറ പ്രധാന ചുമതല എം.ഐ. മുഹമ്മദ് സുല്ലമിക്കായിരുന്നു എന്ന് ബോധ്യപ്പെടുന്നതാണ് പ്രസ്തുത കൃതിയെപ്പറ്റി 'ക്ഷുദ്രകൃതി' എന്ന തലക്കെട്ടിൽ ചുകന്ന പുസ്തകത്തിൻെറ 25-ാം പേജിൽ നൽകിയ സമർഥനങ്ങൾ. നീലപുസ്തകത്തിലെ ഉള്ളടക്കങ്ങളെ മുഹമ്മദ് സുല്ലമി സമർഥിക്കുന്നത് ശ്രദ്ധിക്കുക.

"പ്രസ്തുത ക്ഷുദ്രകൃതി (നീലപുസ്തകം) വായിക്കാനിടയായിട്ടുള്ള ഏതൊരാൾക്കും മേൽ ആരോപണങ്ങൾ (കെ.ജെ.യു. തീരുമാനങ്ങളെ എതിർക്കുന്നു, അശ്ളീല ആരോപണങ്ങൾ, പ്രബന്ധം തയ്യാറാക്കിയവർക്ക് പുസ്തക രചനയിൽ പങ്കുണ്ട് എന്നിവ) വസ്തുതാപരമല്ലെന്ന് മനസ്സിലായിക്കാണുമെന്ന് കരുതുന്നു. കെ.ജെ.യു. നിർവ്വാഹക സമിതിയെടുത്ത തീരുമാനങ്ങളെ പ്രസ്തുത കൃതി (നീലപുസ്തകം) എതിർക്കുന്നു എന്ന ആരോപണംതന്നെ കളവാണ്. കെ.ജെ.യു. തീരുമാനങ്ങൾ പ്രഖ്യാപിക്കപ്പെടുന്നത് 04-06-01നാണ്. എന്നാൽ പ്രസ്തുത കൃതി (നീല പുസ്തകം) പ്രസിദ്ധം ചെയ്തത് 01-06-01നാണെന്ന് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെ.എൻ.എം. നേതാൾക്കെതിരെ 'നീചമായ വ്യാജാരോപണം' പ്രസ്തുത കൃതിയിൽ ഉണ്ടെന്നതും കള്ളമാണ്." (നില പുസ്തകത്തെ വെള്ള പൂശാൻ എം.ഐ. സുല്ലമിയുടെ പേരു വെച്ചിറക്കിയ ചുകന്ന പുസ്തകം (പേജ്-25). എത്ര വാശിയോടെയാണ് എം.ഐ. നീലപുസ്തകത്തെ ന്യായീകരിച്ചിരിക്കുന്നതെന്ന് കൃതി വായിച്ചാൽ ബോധ്യപ്പെടും. പുസ്തകത്തിൻെറ മുൻചട്ടയിൽ തന്നെ പ്രസിദ്ധീകരണ തീയതി വെച്ചതും ഇപ്രകാരം ന്യായീകരിക്കാനാണെന്ന് ആർക്കും മനസ്സിലാക്കാം. നീല പുസ്തകം എം.ഐ.മുഹമ്മദ് സുല്ലമിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് തയ്യാറാക്കിയതെന്ന് സംശയാതീതമായി മനസ്സിലാവും.

2. കെ.ജെ.യു. തീരുമാനത്തിലെ രണ്ടാമത്തെ കണ്ടെത്തൽ ക്യു.എൽ.എസ്. ഡയറക്ടർ കെ.കെ.മുഹമ്മദ് സുല്ലമി നടത്തിയ ക്വുർആൻ വ്യാഖ്യാനങ്ങളിൽ ചിലത് സച്ചരിതരായ സലഫിൻെറ മാർഗത്തിനെതിരാണെന്നാണ്. അതിനാൽ തന്നിഷ്ടപ്രകാരം നൽകിയ വ്യാഖ്യാനം തിരുത്തപ്പെടേണ്ടതാണെന്ന് കെ.ജെ.യു.തീരുമാനിച്ചു.

3. മൂന്നാമത്തെ തീരുമാനം: തൗഹീദിൽ പരിഗണിക്കപ്പെടുന്ന മൂന്ന് മൂലകങ്ങൾ റുബൂബിയത്ത്, വലാഅ്, ഹാകിമിയ്യത്ത് എന്നിവയാണെന്ന വാദം ആദർശവ്യതിയാനമാണ്. ഹാകിമിയ്യത്ത് (ഭരണാധികാരം), വലാഅ് എന്നിവ തൗഹീദിൽ പരിഗണിക്കപ്പെടണമെന്നത് ജമാഅത്തെ ഇസ്ലാമിയുടെയും ഇഖ്‌വാനികളുടെയും വാദമാണ്. അതിനാൽ തൗഹീദിന് റുബൂബിയ്യത്ത്, ഉലൂഹിയ്യത്ത്, അസ്മാ വസ്സിഫാത്ത് എന്നിങ്ങനെയുള്ള വിഭജനം ശരി വെക്കുകയും പാഠശാലകളിൽ പഠിപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

4. 'തൗഹീദില്ല ഈമാൻ' ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും ഒഴിവായി എന്നത്കൊണ്ട് ഈമാൻ ഉണ്ടായിരിക്കുകയില്ല' എന്ന വാദം നമ്മുടെ ആദർശത്തിൽ നിന്നുള്ള വ്യതിയാനമാണ്.

5. പ്രപഞ്ചാതിതനായ ദൈവം പ്രപഞ്ചത്തിന് പുറത്ത് ഏഴാകാശത്തിന് മുകളിൽ സിംഹാസനാരൂഢനായിരിക്കുന്ന സ്വേഛാധിപതിയായ ഒരു ചക്രവർത്തിയാണെന്ന ധാരണ

ഇസ്‌ലാം വളർത്തുന്നില്ല എന്ന പ്രസ്താവന വിശുദ്ധ ഖുർആനിൽ അല്ലാഹുവിനെ കുറിച്ചു വന്ന വിശേഷണങ്ങളെ കുറിച്ച് നാം സ്വീകരിച്ചപോരുന്ന വിശ്വാസങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്. ഇത് തിരുത്തേണ്ടതാണ്. കെ.ജെ.യു. തീരുമാനിച്ചു.

6. അല്ലാഹുവിൻെറ സ്വിഫത്തുകളെ സംബന്ധിച്ച് (തഅ്‌വീൽ) വ്യാഖ്യാനിക്കണം എന്ന് പറയുന്നത് (ഡോ. ഇ. കെ. അഹമദ്കുട്ടിയുടെ ലേഖനം) സലഫുസ്സാലിഹികളുടെ മാർഗത്തിനെതിരും നാം സ്വീകരിച്ചുപോരുന്ന വിശ്വാസങ്ങളിൽ നിന്നുള്ള വ്യതിയാനവുമാണ്.

7. ശിർക്ക് ബിദ്അത്തുകളിൽ നിന്ന് ഒഴിവാകുകയും അതേസമയം പെരുമാറ്റം, സ്നേഹം, ഭക്തിപോലുള്ള കാര്യങ്ങളിൽ പ്രവാചകൻെറ 'മാതൃക'യിൽ നിന്ന് വ്യതിചലിക്കുകയും ചെയ്യുന്ന ഒരാൾ തൗഹീദിൽ നിലകൊള്ളുന്നവനായി പരിഗണിക്കപ്പെടുകയില്ല എന്ന വാദം ആദർശവ്യതിയാനമാണ്, പിഴച്ച ഖവാരിജുകളുടെ വാദവുമാണ്. ഇത്തരം പരാമർശങ്ങൾ ആവർത്തിക്കുകയില്ലെന്ന് നാലാം നമ്പറിൽ പറഞ്ഞ വിശദീകരണം യോഗം അംഗീകരിച്ചു.

8. തറാവീഹ് നമസ്കാരം പതിനൊന്ന് റക്അത്തിലധികമില്ല എന്നതാണ് നബി(സ)യിൽ നിന്ന് സ്ഥിരപ്പെട്ട ചര്യ എന്ന് അംഗീകരിക്കുന്നതോടൊപ്പം ദുർബലമായ ഹദീഥുകളെയോ, പണ്ഡിതാഭിപ്രായങ്ങളെയോ അവലംബിച്ചുകൊണ്ടോ, സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടിയോ പതിനൊന്നിലധികം നമസ്കരിക്കുന്നതിന് വിരോധമില്ല എന്ന വാദം തെറ്റും നാം പുലർത്തിപ്പോരുന്ന ആശയാദർശങ്ങളിൽ നിന്നുള്ള വ്യതിയാനവുമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് പുസ്തകം രചിച്ച ഹുസൈൻ മടവൂർ തൻെറ പുസ്തകത്തിൽ വന്ന തെറ്റുകൾ നമ്മുടെ ആശയാദർശങ്ങൾക്കനുസരിച്ച് തിരുത്താൻ തയ്യാറാണെന്ന് വ്യക്തമാക്കി.

9. സുബ്ഹിയിലെ ഖുനൂത്ത് നബിചര്യയിൽ സ്ഥിരപ്പെട്ടിട്ടില്ല എന്ന് അംഗീകരിക്കുന്നതോടൊപ്പം ഖുനൂത്ത് ഓതുന്ന പള്ളിയിൽ പോയാൽ ഓതാമെന്നും ഖുനൂത്തില്ലാത്ത പള്ളിയിൽ പോയാൽ ഓതാതിരിക്കാമെന്നുമുള്ള നിലപാട് സ്വീകരിക്കലും അതിനനുസൃതമായി പ്രവർത്തിക്കലും പ്രചരിപ്പിക്കലും നമ്മുടെ ആദർശത്തിൽ നിന്നുള്ള വ്യതിയാനമാണ്. ഇങ്ങനെ വാദിച്ചിട്ടില്ലെന്ന് ആരോപകർ വിശദീകരിച്ചപ്പോൾ ഖുനൂത്ത് നബിചര്യയിൽ സ്ഥിരപ്പെടാത്തതാണെന്നും അത് അനാചാരമാണെന്നും കെ.ജെ.യു. അംഗീകരിച്ചു.

10. ഗോളശാസ്ത്രത്തിൻെറ ഖണ്ഡിതമായ കണക്കിനെതിരാകാത്ത കാഴ്ച്ചയെ അവലംബിച്ചുകൊണ്ട് നോമ്പും പെരുന്നാളും തീരുമാനിക്കുക എന്ന നിലപാടിൻെറ അടിസ്ഥാനത്തിൽ, പെരുന്നാളിൻെറ കാര്യത്തിൽ മറ്റുള്ളവരുമായി നമുക്ക് ഭിന്നിക്കേണ്ടി വന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ നാട്ടിലെ ഭൂരിപക്ഷത്തോടൊപ്പം പെരുന്നാൾ കഴിക്കണമെന്ന വാദം നമ്മുടെ ആശയാദർശങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്. ഇങ്ങനെ ഒരു വാദം തങ്ങൾക്കില്ലെന്ന് ആരോപിതർ വിശദീകരിച്ചപ്പോൾ, ഹിലാൽ കമ്മിറ്റി ഈ വിഷയത്തിൽ എടുക്കുന്ന തീരുമാനത്തിന് മുജാഹിദ് പ്രവർത്തകർ എതിർപ്പ് പ്രകടിപ്പിക്കാൻ പാടില്ലെന്ന് കെ.ജെ.യു. അംഗീകരിച്ചു.

11. പൊതുതാൽപര്യ വിഷയങ്ങൾ (സാമൂഹ്യ ക്ഷേമം, സ്പോർട്സ്, ഷയർ ബിസിനസ്) കണ്ടെത്തി അവയെ അതിലൂടെ രൂപംകൊള്ളുന്ന സൗഹൃദത്തെ ആദർശവുമായി കടന്നു ചെല്ലാനുള്ള ഒരു പാലമായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രബോധനം നടത്തേണ്ടതെന്ന വാദം നാം സ്വീകരിച്ചു പോരുന്ന രീതിക്കും പ്രവാചകമാതൃകക്കും എതിരാണ്, ആദർശങ്ങളിൽ നിന്നുള്ള വ്യതിയാനവുമാണ്. ശബാബ് എഡിറ്റോറിയലിൽ സ്വന്തമായി തോന്നിയ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽപ്രകാരം എഴുതിയതെന്നും, അതിനുത്തരവാദി താൻ മാത്രമാണെന്നും അതിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിച്ച കുറിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, ഇത്തരം പരാമർശങ്ങൾ മേലാൽ വരാതെ സൂക്ഷിക്കാമെന്നും ചെറിയമുണ്ടം നൽകിയ വിശദീകരണയോഗം അംഗീകരിച്ചു.

12. സമൂഹത്തിൽ തിൻമ കൂലംകുത്തിയൊഴുകുമ്പോൾ ആദ്യം തൗഹീദ് പ്രബോധനം ചെയ്യുന്നതിന് പകരം സാമൂഹ്യതിൻമക്കെതിരിലുള്ള പോരാട്ടമാണ് നടത്തേണ്ടതെന്ന വാദം പ്രവാചകൻമാരുടെ മാതൃകക്ക് വിരുദ്ധവും നാം ഇതുവരെ പുലർത്തിപ്പോന്ന ആശയാദർങ്ങളിൽ നിന്നുള്ള വ്യതിയാനവുമാണ്. ഈ വിഷയത്തിൽ മൗലവി കുട്ടശ്ശേരിയുടെ

വിശദീകരണം യോഗം അംഗീകരിച്ചു. കൂലം കുത്തിയൊഴുകുന്ന തിന്മകളെ അവഗണിക്കാവുന്നതല്ല. എങ്കിലും പ്രബോധനരംഗത്ത് ഒന്നാംസ്ഥാനം തൗഹീദിന് തന്നെ നൽകണമെന്ന് യോഗം തീരുമാനിച്ചു.

13. 'തൗഹീദല്ല ഈമാൻ'. മനസ്സിൽ അടിയുറച്ചതും കർമങ്ങളിൽ തെളിയിക്കുന്നതുമായ തൗഹീദല്ലാത്ത ഒരു ഈമാനിനു വേണ്ടിയായിരിക്കണം ഒന്നാമതായും നമ്മുടെ ദഅ്‌വത്ത് എന്ന വാദം പ്രസ്ഥാനം നാളിതുവരെ സ്വീകരിച്ചുപോന്ന ആശയാദർശങ്ങളുടെ ഖണ്ഡനവും, അതിൽ നിന്നുള്ള വ്യതിയാനവുമാണ്. മേലിൽ ഇത്തരം പരാമർശങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് തീരുമാനിച്ചു.

14. ദഅ്‌വത്ത് ഖണ്ഡന മണ്ഡന മുക്തമാക്കി പുനരാഖ്യാനിക്കേണ്ടതാണ് എന്ന് വാദിക്കലും പ്രചരിപ്പിക്കലും തെറ്റും നാം ഇതുവരെ പുലർത്തിപ്പോന്ന ആശയാദർശങ്ങളിൽ നിന്നുള്ള വ്യതിയാനവുമാണ്. ഈ വിഷയകമായി പ്രസ്ഥാനം ഇതുവരെ തുടർന്നു പോരുന്ന നയം തന്നെയാണ് സ്വീകരിക്കേണ്ടതെന്ന് യോഗം തീരുമാനിച്ചു.

15. നമ്മുടെ സംഘടനാ ആസ്ഥാനങ്ങളെ പൊതുലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതും സർവരെയും യോജിപ്പിക്കുന്നതുമായ പൊതു ആസ്ഥാനമായും, സാംസ്കാരിക കേന്ദ്രമായും മാറ്റുക. പള്ളികൾക്കും മദ്റസകൾക്കും മറ്റ് മതസ്ഥാപനങ്ങൾക്കുമെല്ലാം മുജാഹിദ്, സലഫി എന്നിങ്ങനെയുള്ള പേരുകൾ ഒഴിവാക്കി പൊതുവായ പേരുകളാണ് വേണ്ടത് എന്ന് നിർദേശിക്കുക, സെമിനാറുകളും ക്ലാസുകളും ദിശാവ്യതിയാനം സൃഷ്ടിക്കാനാണെന്ന് സ്ഥാപിക്കുക. ഇതെല്ലാം ആദർശ വ്യതിയാനമുണ്ടാക്കുന്നതും ബോധപൂർവവുമാണെന്നതിന് മതിയായ തെളിവാണ്. സംഘടനാ ആസ്ഥാനങ്ങൾ കേരള നദ്‌വത്തുൽ മുജാഹിദീൻെറ ആശയാദർശങ്ങൾക്കും നയങ്ങൾക്കും അനുസരിച്ച് മാത്രമെ നടത്താവൂ എന്ന് യോഗം തീരുമാനിച്ചു. പള്ളികൾക്കും സ്ഥാപനങ്ങൾക്കും സൗകര്യമുള്ള പേരുകൾ നൽകാവുന്നതാണ്. എന്നാൽ സലഫി, മുജാഹിദ് എന്നീ പേരുകൾ നൽകിക്കൂടാ എന്ന നിലപാട് സ്വീകരിക്കാൻ പാടുള്ളതല്ല.

16. പണ്ഡിതൻമ്മാരെയും നേതാക്കളെയും ജരാനര ബാധിച്ചവരെന്നും, മസ്തികഷ്കം വറ്റിവരണ്ടവരെന്നും ലോകത്തെ പിറകോട്ട് പിടിച്ചുവലിക്കുന്ന ഉറക്കംതൂങ്ങികളെന്നും വിശേഷിപ്പിക്കുന്ന രചനകൾ, ഇസ്‌ലാമികമായി യാതൊരു ഉള്ളടക്കവുമില്ലാത്ത സൃഷ്ടികൾ, അശ്ളീലങ്ങളും ആഭാസങ്ങളും നിറഞ്ഞ കഥകൾ ഇവയൊക്കെ നമ്മുടെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് ഉപയുക്തമല്ലെന്ന് മാത്രമല്ല നമ്മുടെ പ്രബോധനപ്രവർത്തനങ്ങളെ ഏറെ ദൂഷിപ്പിക്കുന്നതും നാളിതുവരെ നാം പിന്തുടർന്നുപോന്ന നയനിലപാടുകളിൽ നിന്നുള്ള വ്യതിയാനവുമാണ്.

17. ഇടക്കാലത്ത് നമ്മുടെ സംഘടനയിൽ രൂപംകൊണ്ട വളണ്ടിയർ കോർ എന്ന രഹസ്യവിംഗ് ആദർശതലത്തിലും, സംഘടനാതലത്തിലും നാളിതുവരെ നാം പുലർത്തിപ്പോന്ന സുതാര്യ തക്കും നയനിലപാടുകൾക്കും കടകവിരുദ്ധമാണ്. ഇത് യോഗം അംഗീകരിക്കുകയും ഇത്തരം രഹസ്യസംഘടനകൾ എല്ലാം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

18. ലോകാടിസ്ഥാനത്തിൽ സലഫികളിൽ ആദർശവ്യതിയാനം സൃഷ്ടിക്കുന്നതിനു വേണ്ടി ഇഖ്‌വാനികൾ രൂപം കൊടുത്ത സൂറൂരിസത്തിന് കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിൽ ആദർശവ്യതിയാനം ഉണ്ടാക്കുന്നതിൽ പങ്കുണ്ടെന്നാണ് പ്രശ്നങ്ങളുടെ സ്വഭാവം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ഇക്കാര്യം യോഗം വിലയിരുത്തുകയും വിഷയം പഠനവിധേയമാക്കേണ്ടതാണെന്നും തീരുമാനിക്കുകയും ചെയ്തു.

മേൽ പ്രസ്താവിച്ച 18 വിഷയങ്ങൾക്ക് പുറമെ ഇരുഭാഗത്ത് നിന്നും ചൂണ്ടിക്കാണിച്ച മറ്റ് വിഷയങ്ങളും പ്രബന്ധങ്ങളിൽ ഉൾപ്പെട്ടതിനാൽ കെ.ജെ.യു. ചർച്ചക്ക് വിധേയമാക്കിയിരുന്നു. മേൽ തീരുമാനിച്ച 18 വിഷയങ്ങൾക്ക് പുറമെ പ്രബന്ധങ്ങളിൽ ചൂണ്ടിക്കാണക്കപ്പെട്ടവ വ്യതിയാനമായി പരിഗണിക്കേണ്ടവയല്ല. അവ അബദ്ധങ്ങളോ, വീക്ഷണ വ്യത്യാസങ്ങളോ, അറിവുകേടോ, തിരുത്തപ്പെട്ട അഭിപ്രായങ്ങളോ, സന്ദർഭത്തിൽ നിന്ന് അടർത്തിയവയോ ആണ് എന്ന് തീരുമാനങ്ങൾക്കവസാനം എഴുതിച്ചേർത്തതിനെ ഒന്നും വ്യതിയാനമായി കണക്കാക്കപ്പെടേണ്ട

എന്നാണ് പിളർപ്പൻമാർ ദുർവ്യാഖ്യാനം ചെയ്യുന്നത്. തെളിവ് അംഗീകരിക്കുകയും, ശേഷം വസ്തുത നിഷേധിക്കുകയും ചെയ്യുന്ന കാര്യങ്ങളെയാണ് വ്യതിയാനമായി അംഗീകരിച്ചത്.

ഈ കാര്യങ്ങൾ അംഗീകരിച്ച് ഒപ്പിട്ട ശേഷമാണ്, ഈ തീരുമാനങ്ങളെ അട്ടി മറിക്കാൻ നീല പുസ്തകം ഇറക്കിയത്. കേരള ജംഇയ്യത്തുൽ ഉലമയുടെ മേൽവിവരിച്ച ചർച്ചകളിൽ നിന്നും തീരുമാനങ്ങളിൽ നിന്നും ഭിന്നിപ്പിന് പിറകിൽ പ്രവർത്തിച്ച ആദർശവ്യതിയാന പ്രവർത്തനങ്ങൾ ഏവർക്കും ബോധ്യപ്പെടും.

പക്ഷെ ഏതുതരം ഒത്ത് തീർപ്പുകളെയും അട്ടിമറിക്കാനുള്ള വാശിയോടെ പ്രവർത്തിക്കുന്ന ഒരു സുപ്രീം കൗൺസിൽ വളണ്ടിയർ കോറിലുണ്ട്. അവർ ഇറക്കിയ 'ടിറ്റ് ഫോർ ടാറ്റ്' എന്ന അശ്ളീല കൃതിയുടെ അവസാനം അവർ നൽകുന്ന താക്കീത് ശ്രദ്ധിക്കുക.

'ചിലപ്പോൾ മസ്‌ലഹത്തുണ്ടായേക്കാം...കക്ഷികളും, വാദികളും, പ്രതികളും രജ്ഞിപ്പിലെത്തിയേക്കാം. ഐ.എസ്.എമ്മും എം.എസ്.എമ്മും വളണ്ടിയർ കോറുമെല്ലാം വലിയ താപ്പാനയുടെ ആധിപത്യത്തെ അംഗീകരിച്ചാൽ തന്നെയും ഞങ്ങൾ അംഗീകരിക്കുന്ന പ്രശ്നമില്ല. താപ്പാനയുടെ അന്ത്യംവരെ പൊരുതും. ഐ.എസ്.എമ്മും എം.എസ്.എമ്മും കെ.ജെ.യുവിനും ഇതൊരു മുന്നറിയിപ്പാണ്. നിങ്ങളെല്ലാം കവാത്ത് മറന്നാലും ഞങ്ങൾ അടിയറവ് പറയുന്ന പ്രശ്നമില്ല.'
**(ടിറ്റ് ഫോർ ടാറ്റ്, പേജ്-12)**

## ഇസ്‌ലാഹീ പ്രസ്ഥാന സംഗ്രഹം

ഇസ്‌ലാഹീ പ്രസ്ഥാനം കേരള മുസ്‌ലിം സമൂഹത്തിൽ നടത്തിയ സാംസ്കാരിക, വിദ്യാഭ്യാസ നവോത്ഥാന പ്രവർത്തനങ്ങളെപ്പറ്റി അറിയാത്തവർ വിരളമാണ്. 1921ന് മുമ്പുള്ള കേരളത്തിൽ ജീവിച്ച മുസ്‌ലിംകളിൽ ഭൂരിപക്ഷവും വിശ്വാസ കർമ്മരംഗങ്ങളിൽ ദുർബലരായ നാമമാത്ര മുസ്‌ലിംകളായിരുന്നു. പേരിൽ മാത്രം മുസ്‌ലിമായിരുന്നു എന്നു പറയുന്നത് പോലും ഒരർത്ഥത്തിൽ തെറ്റാണെന്ന് വാദിക്കാവുന്നതാണ്. കാരണം കുഞ്ഞോയി, ചെക്കോടി, ചേക്കുട്ടി, മുതൽ കുഞ്ഞിപ്പക്കി വരെയുള്ള പുരുഷനാമങ്ങളും പാത്തേയി, ഉമ്മാത്ത, തിത്തേയി മുതൽ പക്രിച്ചി വരെയുള്ള സ്ത്രീനാമങ്ങളും ഇസ്‌ലാമിൻേറതല്ലല്ലോ. അഞ്ചുനേരം നമസ്കരിക്കുന്നവർ ഖാദിയാരും മുക്രിയും മാത്രമായിരിക്കും. വെള്ളിയാഴ്ച്ച ജുമുഅക്ക് മാത്രം പോകുന്നവരാണ് പ്രമാണിമാർ. രണ്ടു പെരുന്നാളിന് മാത്രം പോയി പള്ളിപ്പൈസ കൊടുക്കുന്നവരായിരുന്നു ഭൂരിപക്ഷവും. വിശുദ്ധ ക്വുർആനോ നബിചര്യയോ എന്താണെന്നറിയാത്ത സമൂഹത്തിൻെറ പ്രധാന ആചാരങ്ങൾ മൗലീദ് പാരായണവും, നേർച്ച റാത്തിബുകൾ കഴിക്കലുമായിരുന്നു. വിദ്യഭ്യാസപരമായി അധഃപതിച്ച സമൂഹത്തിലെ സ്ത്രീകൾക്ക് എഴുത്തും വായനയും പഠിക്കാനോ പള്ളിക്കൂടത്തിൽ പോകാനോ പാടില്ലായിരുന്നു. രോഗശമനത്തിന് ചികിത്സകളേക്കാൾ ആശ്രയിച്ചിരുന്നത് ഉറുക്ക് മന്ത്രങ്ങളെയും നേർച്ചകളെയുമായിരുന്നു. അങ്ങിനെ വിശുദ്ധ ക്വുർആനും തിരുസുന്നത്തും എന്തെന്നറിയാതെ, മാല മൗലൂദുകളും ബിദ്അത്തുകളും മതചിഹ്നങ്ങളായി സ്വീകരിച്ച് ശിർക്കിൻെറ ദൂഷിതവലയത്തിൽ കുടുങ്ങി ഇസ്‌ലാമിൽ നിന്ന് വ്യതിചലിച്ചുപോയ ഒരു സമൂഹത്തെ അല്ലാഹുവിൻെറ അനുഗ്രഹത്തോടെ തൗഹീദിലേക്കും സുന്നത്തിലേക്കും തിരിച്ചുകൊണ്ട് വരുവാനും അവർക്ക് മത ഭൗതിക വിദ്യാഭ്യാസം നൽകി സംസ്കരിച്ചെടുക്കാനും ഇസ്വ്‌ലാഹീ പ്രസ്ഥാനത്തിനു സാധിച്ചു.

സയ്യിദ് സനഉല്ല മക്തി തങ്ങൾ, ഹമദാനി തങ്ങൾ എന്നീ വ്യക്തികളിലൂടെ ആരംഭിച്ച് 1922ൽ ഐക്യസംഘം എന്ന സംഘടിതരൂപം പൂണ്ട്, 1924ൽ കേരള ജംഇയ്യത്തുൽ ഉലമ എന്ന പണ്ഡിത സംഘടനയിലൂടെ കരുത്താർജിച്ചുകൊണ്ട്, 1950ൽ കേരള നദ്‌വത്തുൽ മുജാഹിദീൻ എന്ന പൊതുജന സംഘടനയിലൂടെ വളർന്നു പന്തലിക്കാൻ തുടങ്ങിയ ഇസ്‌ലാഹീ പ്രസ്ഥാനത്തെ ശത്രുക്കൾ പോലും ആദരവോടെയാണ് നോക്കിക്കണ്ടിരുന്നത്. കഴിഞ്ഞ മുക്കാൽ നൂറ്റാണ്ട് ഈ പ്രസ്ഥാനം നടത്തിവന്ന തൗഹീദീ പ്രബോധന പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വിശ്വാസികൾക്ക് ശിർക്ക് ബിദ്അത്തുകളിൽ നിന്ന് രക്ഷപ്പെടാനും വിശ്വാസവും കർമ്മങ്ങളും നന്നാക്കിക്കൊണ്ട് ശുദ്ധമായ ഇസ്‌ലാമിക ജീവിതം നയിക്കാനും സാധിച്ചിട്ടുണ്ട് എന്നത് ചാരിതാർഥ്യജനകമാണ്. സഹജീവികളായ മുഴുവൻ മനുഷ്യരെയും അന്ധവിശ്വാസത്തിലകപ്പെട്ട മുസ്‌ലിംകളെയും നരകശിക്ഷയിൽ അകപ്പെടാതെ സംസ്കരിച്ചെടുക്കുക എന്ന അഭ്യുദയകാംക്ഷയാണ് പ്രസ്ഥാനത്തിൻെറ കൈമുതൽ.

ഐക്യസംഘത്തിൻെറ കീഴിൽ നടത്തിയ വാർഷികസമ്മേളനം, കെ.എൻ.എമ്മിൻെറ നേതൃത്വത്തിൽ നടത്തിവരുന്ന മുജാഹിദ് സമ്മേളനങ്ങളും തൗഹീദീ പ്രബോധന രംഗത്തെ നാഴികക്കല്ലുകളാണ്.

മഹത്തായ ഈ പ്രസ്ഥാനത്തിൻെറ ആദർശപ്രചാരണ ജൈത്രയാത്രക്കിടയിൽ നുഴഞ്ഞു കയറി, പ്രസ്ഥാനത്തിൻെറ ചിലവിൽ വളരുകയും ഉയരുകയും ചെയ്ത ഏതാനും പേർ തങ്ങളുടെ പുതിയ ചിന്താധാരകൾ നടപ്പിലാക്കാൻ വർഷങ്ങളായി ശ്രമിച്ചുവരുന്നതിൻെറ അനന്തരഫലമാണ് സംഘടനയിലുണ്ടായ ഭിന്നിപ്പ്. ആദർശം നടപ്പിലാക്കാൻ ഭരണം അനിവാര്യമാണെന്ന മൗദൂദിയൻ ചിന്താധാരയാൽ ഉദ്ദീപിപ്പിക്കപ്പെട്ട മടവൂർ ഹുസൈനും അനുയായികളും കെ.എൻ.എമ്മിൻെറ ഭരണം പിടിച്ചെടുക്കാൻ തിരക്ക് കൂട്ടിയതുകൊണ്ടാണ് വിഘടിതരുടെ രഹസ്യ അജണ്ടകൾ പൊളിഞ്ഞതും സംഘടന രക്ഷപ്പെട്ടതും. അൽപം കൂടി ക്ഷമയോടെയും മാന്യതയോടെയും അവർ നീങ്ങിയിരുന്നുവെങ്കിൽ ഈ പ്രസ്ഥാനം ഇഖ്‌വനികളുടെ കൈകളിൽ ഒതുങ്ങുമായിരുന്നു. എങ്കിൽ ഉമർമൗലവി (رحمه الله) പറഞ്ഞതു പോലെ കെ.എൻ.എം. സ്വയം സമൂഹത്തിൽ ലയിക്കുമായിരുന്നു.

ഏവരാലും അംഗീകരിക്കപ്പെടുകയും, ആദരിക്കപ്പെടുകയും ചെയ്ത ഈ പ്രസ്ഥാനത്തിനും ഇസ്‌ലാഹിൻെറ വെള്ളിവെളിച്ചം കണ്ടുണർന്ന് അതിൻെറ ആദർശത്തെ ഹൃദയത്തിലേറ്റി ജീവന് തുല്ല്യം സ്നേഹിച്ച അനുയായികൾക്കും അപമാനവും കളങ്കവും വരുത്തിവെച്ച് കൊണ്ടാണ് ഇഖ്‌വാനി ലോബി പിരിഞ്ഞുപോയത്. പിരിയുന്നതിനു മുമ്പും പിരിഞ്ഞതിനു ശേഷവും അവർ സ്വീകരിച്ചുവന്ന നീച പ്രവർത്തനങ്ങളും അവർ പ്രസിദ്ധീകരിച്ചു വിട്ട നീച പ്രസിദ്ധീകരണങ്ങളും രാഷ്ട്രീയ പാർട്ടികളെപ്പോലും നാണിപ്പിക്കുന്ന തരത്തിലായിരുന്നു എന്നതാണതിനു കാരണം. ഉമർ മൗലവിക്കെതിരെ പ്രസിദ്ധീകരിച്ച 'സിൽ സിൽ ബൗൽ', എ.പി.ക്കെതിരെ പ്രസിദ്ധീകരിച്ച 'ടിറ്റ് ഫോർ ടാറ്റ്' എന്നീ കൃതികൾ ഉദാഹരണങ്ങളാണ്. ഒരൽപം ഈമാനുള്ളവർ ഇത്തരത്തിൽ ഒരിക്കലും പ്രവർത്തിക്കുകയില്ല.

ഉറച്ച ആദർശവാദികളെ സംബന്ധിച്ചിടത്തോളം ഇത്തരം പിരിഞ്ഞുപോക്ക് സംഘടനക്കോ ആദർശത്തിനോ ഒരു പോറലുമേൽപിച്ചിട്ടില്ലെന്നറിയാം. എന്നാൽ ഈ ആദർശത്തിൻെറ അനുഭാവികളായി മാത്രം നിലനിന്ന ചിലരും ഭിന്നിപ്പിൻെറ കാര്യകാരണങ്ങൾ അന്വേഷിക്കാത്തതിനാൽ അൽപകാലം ത്രിശങ്കുസ്വർഗത്തിലായി. പക്ഷെ ശരിയായ വിശദീകരണവും തെളിവുകളും, അനുഭവങ്ങളും വിലയിരുത്തിയപ്പോൾ അവർ മുഴുവനും ആദശർത്തിലേക്ക് തിരിച്ചുവന്നു. പ്രത്യേക പരിശീലനം ലഭിച്ച വിസിമാരും കാര്യം കിട്ടാൻ കളം മാറിയ ചില അവസരവാദികളും മാത്രമാണ് ഇപ്പോൾ മറുപക്ഷത്തുള്ളത്.